(ഡി) അനുബന്ധത്തിൽ പറയുന്നുണ്ട്.

(ഇ) മേഖലാടിസ്ഥാനത്തിൽ പെൻഷൻ നൽകാറില്ല.

16 (455) 'നവഭാരതം സംസ്കൃത മഹാകാവ്യം'

<u>ശ്രീ. എം മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മുതുകുളം ശ്രീധറിന്റെ 'നവഭാരതം സംസ്കൃത മഹാകാവ്യം' മലയാള ലിപിയിൽ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിന് സാംസ്ക്കാരിക വകുപ്പ് 1984 ജൂൺ 15-ാം തീയതി ഏർപ്പെടുത്തിയിട്ടുള്ള കരാർ നടപ്പാക്കുന്നതിന് എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രന്ഥകാരൻമാർ 1997 ഒക്ടോബർ 1-ാം തീയതി സാംസ്ക്കാരിക വകുപ്പിന് നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഇക്കാര്യത്തിൽ അടിയന്തിരമായി തീരുമാനമെടുക്കുന്നതിനും 'നവഭാരതം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച നടപടിയുടെ മുന്നോടിയായി പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ 15.12.93-ൽ ചേർന്ന ഉപദേശകസമിതി യോഗത്തിൽ സമർപ്പിച്ചു. എന്നാൽ സമിതി പരിശോധനയ്ക്ക് ശേഷം പുസ്തകം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ബി&സി) 15.12.93-ൽ ചേർന്ന പ്രൊഫ. എസ്. ഗുപ്തൻനായർ അദ്ധ്യക്ഷനായ ഉപദേശക സമിതിയോഗം ശ്രീ. മുതുകുളം ശ്രീധർ രചിച്ച 'നവഭാരതം' എന്ന ഗ്രന്ഥം 625 പേജുകൾ വലിപ്പം വരുന്നതാകയാൽ പ്രസിദ്ധീകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചതിനാൽ ഗ്രന്ഥകാരനു മുൻകൂർ പ്രതിഫലമായി നൽകിയ തുക എഴുതിത്തള്ളുന്നതിനും ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി മടക്കി നൽകുന്നതിനും ' നടപടി സ്വീകരിച്ചുവരുന്നതായി സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പു ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

17 (457) വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളിലെ ഒഴിവുകൾ

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നിരവധി ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ പ്രമോഷനുകൾ നടത്തുവാനുള്ള കാലതാമസംമൂലം വകുപ്പിന്റെ പ്രവർത്തനത്തിനു വളരെയേറെ ബുദ്ധിമുട്ടുകൾ ഉള്ളതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാഭ്യാസ വകുപ്പിലെ പ്രമോഷനുകൾ യഥാസമയം നടത്തി വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഉയർന്ന തസ്തികകൾ ഒന്നും ഒഴിഞ്ഞുകിടപ്പില്ല.

(ബി) പ്രമോഷനുകൾക്കുള്ള നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് യഥാസമയം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

18 (458) അൺ റക്കഗ്നൈസ്ഡ് സ്ക്കൂളുകൾക്ക് അംഗീകാരം

ശ്രീ. എ. അബ്ദുൽഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള അൺ റക്കഗ്നൈസ്ഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന അൺ റക്കഗ്നൈസ്ഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാനും തുടർന്ന് അപ്ഗ്രേഡ് ചെയ്യുന്നതിനും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അനുകൂലമായ തീരുമാനം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതും അപ്ഗ്രേഡ് ചെയ്യുന്നതിനും നയപരമായ തീരുമാനം ഇപ്പോൾ ഇല്ല.

19 (459) എസ്.എസ്.എൽ.സി പരീക്ഷാ പരിഷ്ക്കാരങ്ങൾ

ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷംമുതൽ എസ്.എസ്.എൽ.സി. പരീക്ഷാ രീതിയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly